# ഭൂട്ടാൻ രാജാവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

മാർച്ച് 22, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് തിംഫുവിൽ ഭൂട്ടാൻ പ്രധാനമന്ത്രി ജിഗ്മെ ഖെസർ നാംഗയെൽ വാങ്ചുക്കുമായി കൂടിക്കാഴ്ച നടത്തി. പറോ മുതൽ തിംഫു വരെ ജനങ്ങൾ നൽകിയ ഊഷ്മളമായ സ്വീകരണത്തിൽ പ്രധാനമന്ത്രി ഭൂട്ടാൻ രാജാവിനെ നന്ദി അറിയിച്ചു.

2. സവിശേഷമായ ഇന്ത്യ-ഭൂട്ടാൻ സൗഹൃദത്തിൽ പ്രധാനമന്ത്രിയും ഭൂട്ടാൻ രാജാവും അങ്ങേയറ്റം സംതൃപ്തി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിൽ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും അടുത്ത ബന്ധം രൂപപ്പെടുത്തുന്നതിൽ ഭൂട്ടാൻ രാജാവ് നൽകുന്ന മാർഗദർശനം അങ്ങേയറ്റം വിലമതിക്കുന്നതായി പ്രധാനമന്ത്രി അറിയിച്ചു.

3. വിവിധ മേഖലകളിലുള്ള ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യാൻ കൂടിക്കാഴ്ച അവസരമൊരുക്കി. ഭൂട്ടാനു വേണ്ടി ഭാരതവും ഭാരതത്തിനു വേണ്ടി ഭൂട്ടാനും ഒരു മാറ്റമില്ലാത്ത യാഥാർത്ഥ്യമാണെന്ന് വ്യക്തമാക്കിയ ഇരു നേതാക്കളും പങ്കാളിത്തം കൂടുതൽ ദൃഢമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു. ഊർജ്ജം, വികസന രംഗത്തെ സഹകരണം, യുവജനങ്ങൾ, വിദ്യാഭ്യാസം, സംരംഭകത്വം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണം വിപുലപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ഇരുവരും ആരാഞ്ഞു. ഗെലെഫു മൈൻഡ്ഫുൾനെസ് സിറ്റി പദ്ധതി ഉൾപ്പെടെ കണക്റ്റിവിറ്റി, നിക്ഷേപ നിർദ്ദേശങ്ങളിലെ പുരോഗതിയും ഇരു നേതാക്കളും അവലോകനം ചെയ്തു.

4. ഇന്ത്യയും ഭൂട്ടാനും തമ്മിൽ പരസ്പര വിശ്വാസത്തിലും ധാരണയിലും അധിഷ്ഠിതമായ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ഒരു തനതായ ബന്ധം കാത്തുസൂക്ഷിക്കുന്നു.

**തിംഫു**
**മാർച്ച് 22, 2024**